പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1570 06.03.2020-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യുടെ നൂറ്റി എൺപത്തി രണ്ട് ടാങ്കർ ഡീസൽ കാണാതായ സംഭവം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ. എ.കെ. ശശീന്ദ്രൻ |
| " കെ.സി.ജോസഫ് | (ഗതാഗത വകുപ്പ് മന്ത്രി) |
| " വി.എസ്.ശിവകുമാർ | |
| " എ.പി. അനിൽ കുമാർ | |

| | | | |
|---|---|---|---|
| (എ) | ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും കെ.എസ്.ആർ.ടി.സി. വാങ്ങിയ നൂറ്റി എൺപത്തി രണ്ട് ടാങ്കർ ഡീസൽ കാണാതായതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയോ; വിശദമാക്കുമോ; | (എ) | 2011-12 മുതലുള്ള final Accounts-ൽ Internal Control System-ൽ fuel accounts അനുരഞ്ജനം നടത്താത്തതിനെക്കുറിച്ചും, കൃത്യമായി books of accounts maintain ചെയ്യാത്തതിനെക്കുറിച്ചും AG Comment-ലെ Annexure 1-ൽ പ്രതിപാദിച്ചിട്ടുണ്ട്.<br>2014-15 Account-ൽ Internal Control System-ൽ Annexure - 1-ൽ para 5-ൽ പ്രതിപാദിച്ചിരിക്കുന്നത് ചുവടെ ചേർക്കുന്നു.<br>The purchase section (controller of purchase) has not reconciled the fuel purchase transaction details received from various depots with the invoice details extracted from the portal of Indian Oil Corporation. In 182 case, the purchase section has no confirmation from the depots whether the fuel costing Rs.14.46 crores has been received by the Units or not.<br>ആയത് പ്രകാരമാണ് 182 ടാങ്കർ ഡീസലിന്റെ ക്രമക്കേട് ഉണ്ട് എന്ന വാർത്ത വന്നിരുന്നത്. കണക്കുകളിലെ പാകപ്പിഴ കാരണമാണ് ഈ വ്യത്യാസം AG ചൂണ്ടിക്കാണിച്ചിരിക്കുന്നത്.<br>2015-16 മുതലുള്ള accounts finalization നടത്തിയിട്ടില്ലാതിരുന്നതിനാൽ യൂണിറ്റിൽ |

| | | | |
|---|---|---|---|
| | | | നിന്നു വരുന്ന accounts-കൾ കൃത്യമായി ചെക്ക് ചെയ്യാൻ സാധിച്ചിട്ടില്ല. കൃത്യമായ ഒരു റിപ്പോർട്ടും ഫിനാൻസ് വിഭാഗത്തിൽ ലഭ്യമല്ല എന്ന സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമിച്ച GM (Finance & Administration)-ന്റെ നേതൃത്വത്തിൽ 2018 October മാസത്തിൽ tally ERP9 system introduce ചെയ്ത് available records-ന്റേയും, Bank statement-കളുടേയും അടിസ്ഥാനത്തിൽ transaction enter ചെയ്യുകയും 2015-16 finalization നടത്തിയ റിപ്പോർട്ട് Board-ന്റെ അംഗീകാരത്തോടു കൂടി AGs Audit-നു വേണ്ടി സമർപ്പിച്ചിട്ടുള്ളതുമാണ്.<br>2016-17 മുതൽ 18-19 വരെയുള്ള financial year accounts-കൾ പൂർത്തിയാക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. ജനുവരി 2019 മുതൽ fuel reconciliation അതാതു ദിവസത്തെ തൊട്ടടുത്ത ദിവസത്തിൽ തന്നെ നടത്തി വരികയാണ്. ആയതിനാൽ 2019 ജനുവരി മുതൽ നാളിതുവരെ fuel accounts chief office-ൽ ചെയ്തു വരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ കണക്കിന്റെ അടിസ്ഥാനത്തിൽ വന്ന fuel-ന്റെ തിരിമറി സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് OAD Party-യെ (കോർപ്പറേഷന്റെ Outside Audit Department) ചുമതലപ്പെടുത്തിയിരിക്കുകയാണ്.<br>കൂടാതെ, 29-02-2020-ൽ കോർപ്പറേഷന്റെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന് ഇതു സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. പിൻതുടരുന്ന അശാസ്ത്രീയ അക്കൗണ്ടിംഗ് സമ്പ്രദായം മൂലമാണോ കണക്കിൽ ഇത്ര വലിയ പിശക് ഉണ്ടായതെന്ന് വിലയിരുത്തുന്നുണ്ടോ;കാണാതായ ഡീസലിന് എന്ത് വില വരുമെന്ന് അറിയിക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിംഗ് സംവിധാനം എങ്ങനെ നടപ്പാക്കണമെന്ന് Accounts Manual-ൽ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. Accounts Manual പ്രകാരം സെക്ഷനുകൾ കൃത്യമായി books of accounts പരിപാലിക്കപ്പെടാത്തതിനാലാണ് കണക്കുകളിൽ പിഴവുണ്ടാകുന്നത്. |

| | | | |
|---|---|---|---|
| | | | കൂടാതെ വർഷങ്ങളായി accounts pending ആണ്. 2014-15-ലെ accounts prepare ചെയ്തത് 31.10.2018-ലാണ്. 2015-16-ലെ കണക്ക് ഇപ്പോഴാണ് prepare ചെയ്തത്. അതത് വർഷം യൂണിറ്റുകളും, CO-യും കൃത്യമായി അനുരഞ്ജനപ്രക്രിയ നടത്തി കണക്കുകൾ finalize ചെയ്യുങ്കിൽ മാത്രമെ ഈ രീതിയിൽ ഉള്ള പിഴവുകൾ ഒഴിവാക്കുന്നതിന് സാധിക്കുകയുള്ളൂ. Accounts സംവിധാനം file വഴി Manually ചെയ്തു കൊണ്ടിരുന്നതിനെ നിലവിൽ Tally ERP9 സംവിധാനത്തിലൂടെ enter ചെയ്തു വരുന്നതിനാൽ double accounts system ഇപ്പോൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. |
| (സി) | സാമ്പത്തിക പ്രതിസന്ധിയിൽ ഉഴലുന്ന കെ.എസ്.ആർ.ടി.സി.യിൽ നിന്നും ഇത്രയധികം ഡീസൽ വിതരണം ചെയ്തതിന് കണക്കില്ലായെന്നത് ഗുരുതര വീഴ്ചയായതിനാൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) | ഇതിന്റെ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് Outside Audit Department-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കൂടാതെ, 29-2-2020 ൽ കോർപ്പറേഷന്റെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**